# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2691      12.02.2019 -ലെ മറുപടി

## ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ. ദാസൻ :** | | **കെ.കൃഷ്ണൻ കുട്ടി** (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തായി ഇറിഗേഷൻ വകുപ്പിന്റെ കൈവശം നിലവിൽ എത്ര സെന്റ് ഭൂമി ഉണ്ട്; സർവ്വെ നമ്പർ, റീ സർവ്വെ നമ്പർ എന്നിവയും വ്യക്തമാക്കാമോ; | (എ) യും (ബി) യും | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1) ഭൂമിയുടെ അളവ് - 108.18 സെന്റ്<br>2) സർവ്വേ നമ്പർ - 52/1 എ<br>3) റീസർവ്വേ നമ്പർ - 39/1 ബി |
| (ബി) പ്രസ്തുത ഭൂമിയിൽ നിലവിൽ എത്ര കെട്ടിടങ്ങളുണ്ട്; വ്യക്തമാക്കാമോ? | | ഇതിൽ 35 സെന്റ് സ്ഥലം കൊയിലാണ്ടി മുൻസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കുന്നതിനുമായി വിട്ടു നൽകിയിട്ടുണ്ട്. 4.50 സെന്റ് സ്ഥലം മൽസ്യഗ്രാമം കുടിവെള്ള പദ്ധതിക്ക് കിണർ കുഴിക്കുന്നതിനു വേണ്ടി അനുമതി നൽകിയിട്ടുണ്ട്.<br>പ്രസ്തുത ഭൂമിയിൽ ഒരു ഓഫീസ് കെട്ടിടവും 2 ക്വാർട്ടേഴ്സുകളും ഉണ്ടായിരുന്നതിൽ ക്വാർട്ടേഴ്സുകൾ രണ്ടും ജലസംഭരണി നിർമ്മാണത്തിനായി പൊളിച്ചു മാറ്റിയിട്ടുണ്ട്.<br>കൊയിലാണ്ടി സിവിൽ സ്റ്റേഷന് കിഴക്ക് വശത്തായി കൊയിലാണ്ടി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കൊയിലാണ്ടി എം.ഐ.സെക്ഷൻ എന്നീ കാര്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന കൈവശ ഭൂമിയുടെ വ്യക്തമായ അളവ് നിർണ്ണയിച്ചു കിട്ടുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.<br>മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, മൈനർ ഇറിഗേഷൻ സെക്ഷൻ ഉൾപ്പെടുന്ന കെട്ടിടം നിലവിലുണ്ട്.മറ്റു വിവരങ്ങൾ സർവ്വേ ചെയ്തു കിട്ടിയതിനുശേഷമേ ലഭ്യമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**